بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 10.01.2020 ഖുത്‌ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## നബി(സ)യുടെ മഹോന്നത പദവിയിലുള്ള ബദരീ സ്വഹാബി ഹദ്റത്ത് സഅദുബ്നു ഉബാദ(റ)യെ കുറിച്ചുള്ള വിശ്വാസദീപ്തവും ഹൃദയഹാരിയുമായ വിവരണങ്ങൾ.

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

കഴിഞ്ഞ ജുമുആ ഖുത്ബയിൽ ഞാൻ വഖ്ഫെ ജദീദിന്റെ പുതുവർഷ വിളംബരം നടത്തിയപ്പോൾ വിവധ രാജ്യങ്ങളിലെ ജമാഅത്തുകളുടെ സ്ഥാനങ്ങളും പറഞ്ഞിരുന്നു. അതിൽ വഖ്ഫെ ജദീദ് ചന്ദ വസൂലിയുടെ അടിസ്ഥാനത്തിൽ യു.കെ യിലുള്ള ജമാഅത്തുകളിൽ ഒന്നാം സ്ഥാനത്ത് ഇസ്‌ലാമാബാദ് ജമാഅത്താണ് എന്നായിരുന്നു പറഞ്ഞിരുന്നത്. എന്നാൽ ആ അവലോകനം ശരിയല്ലായിരുന്നു എന്നു പിന്നീട് അറിയാൻ കഴിഞ്ഞു. ഒന്നാം സ്ഥാനത്ത് ആൽഡർശോട്ട് ജമാഅത്തും രണ്ടാം സ്ഥാനത്ത് ഇസ്‌ലാമാബാദ് ജമാഅത്തുമാണ്. ഇത് തിരുത്തേണ്ട ആവശ്യമുള്ളതുകൊണ്ടാണ് ആദ്യം തന്നെ ഇക്കാര്യം എടുത്തത്. മാശാഅല്ലാഹ് ആൽഡർശോട്ട് ജമാഅത്ത് വലിയ ത്യാഗമാണ് ചെയ്തുകൊണ്ടിരിക്കുന്നത് പ്രത്യേകിച്ചും ചില സ്ത്രീകൾ എപ്രകാരമാണ് ത്യാഗം ചെയ്തത് എന്ന് ആൽഡർശോട്ട് ലജ്നാ സദർ എന്നോടു പറയുകയുണ്ടായി. മാതൃകാപരമായ ത്യാഗമാണ് അവരുടേത്. അല്ലാഹു അവരുടെ ജീവനിലും സ്വത്തിലും അനുഗ്രഹം ചൊരിയട്ടെ. കഴിഞ്ഞ ഖുത്ബയിൽ ഞാൻ പോതുവായി ദരിദ്ര ജമാഅത്തുകളുടെയും ദരിദ്രരാജ്യങ്ങളിൽ താമസിക്കുന്നവരുടെയും ത്യാഗത്തിന്റ സംഭവങ്ങളാണ് വിവരിച്ചത്. ധനികരിലും ത്യാഗത്തെക്കുറിച്ചുള്ള ബോധമുണ്ടാകുന്നതിനും ത്യാഗത്തിന്റെ ആത്മാവ് എന്താണെന്നറിയുന്നതിനും വേണ്ടിയായിരുന്നു അത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെ ഈ വികസിത രാജ്യങ്ങളിൽ ഭൗതിക ആവശ്യങ്ങളെ പിൻപുറം തള്ളിക്കളഞ്ഞുകൊണ്ട് ത്യാഗം സമർപ്പിച്ചുകൊണ്ടിരിക്കുന്ന നിരവധി ആളുകളുണ്ട്.

ഇനി ഞാൻ ഇന്നത്തെ ഖുത്ബയുടെ വിഷയത്തിലേക്ക് വരികയാണ്. ബദരീ സ്വഹാബികളെക്കുറിച്ചുള്ള വിവരണങ്ങളാണ് തുടരുന്നത്. ഇക്കഴിഞ്ഞ ഖുത്ബയുടെ മുൻപത്തെ ഖുത്ബയിൽ ഞാൻ ഹദ്റത്ത് സഅദുബ്നു ഉബാദയെക്കുറിച്ചാണ് വിവരിച്ചുകൊണ്ടിരുന്നത്. കുറച്ച് വിവരിക്കാൻ ബാക്കിയുണ്ടായിരുന്നു. ഇന്നും അദ്ദേഹത്തെക്കുറിച്ചുതന്നെ വിവരിക്കുന്നതാണ്. കഴിഞ്ഞ ഖുത്ബയിലുള്ള പരാമർശത്തിലും ഒരു തിരുത്തൽ ആവശ്യമാണ്. അതിനെക്കുറിച്ചു പറഞ്ഞതിനുശേഷം ബാക്കി പറയുന്നതാണ്.

ഡിസംബർ 27 ലെ ഖുത്ബയിൽ ഞാൻ ഹദ്റത്ത് സഅദുബിൻ ഉബാദയെക്കുറിച്ചു വിവരിച്ചപ്പോൾ പറഞ്ഞിരുന്നത്, നബി(സ) തിരുമേനി ഹദ്റത്ത് സഅദിനും തുലൈബു ബിനു ഉമൈറിനുമിടയിൽ സാഹോദര്യബന്ധം ഉണ്ടാക്കി, അദ്ദേഹം മക്കയിൽ നിന്നും മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത് വന്നതായിരുന്നു എന്നാണ്. ഇബ്നു ഇസ്ഹാഖിന്റെ അഭിപ്രായത്തിൽ നബിതിരുമേനി(സ) ഹദ്റത്ത് സഅദുബ്നു ഉബാദയുടെയും ഹദ്റത്ത് അബൂദർ ഗഫ്ഫാരിയുടെയുമിടയിൽ സാഹോദര്യ ബന്ധമുണ്ടാക്കി എന്നാണ്. എന്നാൽ ചിലർക്ക് അതിനോട് എതിരഭിപ്രായവുമുണ്ട്. ഏതായാലും, അതപ്രകാരമല്ല. വാസ്തവത്തിൽ സാഹോദര്യബന്ധത്തിന്റെ പരാമർശം വരുന്നത് ഹദ്റത്ത് മുൻദിർ ബിൻ അംറുബിനു ഹുനൈസിനെക്കുറിച്ചു പറഞ്ഞ സന്ദർഭത്തിലാണ്. ഇതെടുത്തിരിക്കുന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് സഅദുബിനു ഉബാദയെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. റിസർച്ച് വിഭാഗത്തിന്റെ ഭാഗത്തുനിന്നും അവിചാരിതമായ പിഴവു സംഭവിച്ചതു കാരണം ഹദറത്ത് സഅദിന്റെ കൂടെയും ഈ വാചകം ചേർത്തിട്ടുണ്ട്. എന്നാൽ ഹദ്റത്ത് മുൻദിർ ബിൻ അംറിന്റെ വിവരണത്തിലാണ് സാഹോദര്യ ബന്ധത്തിന്റെ കാര്യം വരുന്നത്. അതിന്റെ വിശദീകരണം കഴിഞ്ഞ വർഷം ആരംഭത്തിൽ ജനുവരി 25 ലെ ജുമുആ ഖുത്ബയിൽ വിവരിച്ചു കഴിഞ്ഞതാണ്. ഏതായിരുന്നാലും ഇത് തിരുത്താനുള്ളതായിരുന്നു. ഇനി തുടർന്നു വിവരിക്കാനുള്ളത് പറയാം.

ഖന്ദഖ് സംഭവം നടന്നപ്പോൾ നബി(സ) തിരുമേനി തങ്ങളുടെ കൂടെയുണ്ടായിരുന്ന ഗത്ഫാൻ ഗോത്രത്തിലെ ആളുകളെ തിരിച്ചുകൊണ്ടുപോകണമെന്ന നിബന്ധനയിൽ ഉയയ്ന ബിൻ ഹിസിനിനു മദീനയുടെ മൂന്നിൽ ഒരു ഭാഗം ഈന്തപ്പഴം ഉപഹാരമായി നൽകുന്നതിനെക്കുറിച്ച് ആലോചിച്ചു. നബി(സ) തിരുമേനി മറ്റുള്ളവരെയെല്ലാം വിട്ട് ഹദ്റത്ത് സഅദുബിന് മആദിനോടും ഹദ്റത്ത് സഅദുബിനു ഉബാദയോടും മാത്രം അഭിപ്രായം ആരാഞ്ഞു. ഇതിന്റെ വശദീകരണം ഖന്ദഖ് യുദ്ധത്തിലെ സംഭവങ്ങൾ വിവരിക്കുന്ന സ്ഥലത്ത് ഹദ്റത്ത് മീർസാ ബശീർ അഹ്മദ് സാഹിബ് ഇപ്രകാരം വിവരിക്കുന്നു:

മുസ്‌ലിംകൾക്ക് അങ്ങേയറ്റം ക്ലേശം നിറഞ്ഞതും

പ്രയാസകരവും ഭീതിജനകമായ നാളുകളായിരുന്നു. ഈ ഉപരോധം നീളും തോറും മുസ്‌ലിംകളുടെ ശക്തി ദുർബ ലമായിക്കൊണ്ടിരിക്കുകയായിരുന്നു. അവരുടെ ഹൃദയം വിശ്വാസവും ആത്മാർത്ഥതയുംകൊണ്ടു നിറഞ്ഞതാ യിരുന്നു പക്ഷെ ശരീരം പ്രകൃതി നിയമത്തിനു വിധേയ മായി കൊണ്ടിരിക്കുകയായിരുന്നു. അതായത് ഉപരോധം നീണ്ടു പോയിക്കൊണ്ടിരുന്നതുകൊണ്ട് വിശ്രമവും ആവ ശ്യത്തിന് ആഹാരവും ഉണ്ടായിരുന്നില്ല. അതുകാരണം തളർച്ചയും ക്ഷീണവും ഉണ്ടായിരുന്നു. ഇത് ശരീരത്തിന് പ്രകൃതി സഹജമായിട്ടുണ്ടായിരുന്നു. നബി(സ) തിരുമേ നി അവരുടെ ഈ അവസ്ഥ കണ്ടപ്പോൾ അൻസ്വാറുക ളുടെ നേതാക്കളായ സഅദുബ്നു മആദിനെയും സഅ ദുബ്നു ഉബാദയെയും വിളിപ്പിച്ച് അവസ്ഥ വിവരിച്ചുകൊ ടുത്തു. ഈ അവസ്ഥയിൽ നാം എന്താണു ചെയ്യേണ്ടത് എന്ന് അഭിപ്രായം ചോദിച്ചു. നിങ്ങൾക്കു വേണമെങ്കിൽ ഗത്ഫാൻ ഗോത്രക്കാർക്ക് മദീനയുടെ നിക്ഷേപത്തിൽ നിന്നും കുറച്ചു നൽകിക്കൊണ്ട് യുദ്ധം ഒഴിവാക്കാം. സഅ ദുബിനു മുആദും സഅദുബ്നു ഉബാദയും ഏക സ്വര ത്തിൽ പറഞ്ഞു: യാ റസൂലല്ലാഹ് താങ്കൾക്ക് ഇതു സം ബന്ധമായി അല്ലാഹുവിൽ നിന്നും വല്ല വെളിപാടുമുണ്ടാ യിട്ടുണ്ടെങ്കിൽ ഞങ്ങളിതാ അനുസരിക്കുന്നു. അങ്ങനെ യെങ്കിൽ താങ്കൾ സസന്തോഷം ഈ അഭിപ്രായപ്രകാരം നടപടിയെടുത്തുകൊള്ളുക. നബി(സ) തിരുമേനി പറഞ്ഞു: ഇല്ല ഇതു സംബന്ധമായി എനിക്കൊരു വെളിപാടും ഉണ്ടായിട്ടില്ല. നിങ്ങളുടെ ബുദ്ധിമുട്ടുകൾ കണ്ടതുകൊണ്ടു മാത്രം ഒരു അഭിപ്രായം ആരായുക എന്ന രൂപത്തിൽ പറ ഞ്ഞതാണ്. അപ്പോൾ അവർ രണ്ടുപേരും മറുപടിയായി പറഞ്ഞു: അങ്ങനെയെങ്കിൽ ഞങ്ങളുടെ അഭിപ്രമായ മിതാണ്, ബഹുദൈവ വിശ്വാസികളായിരുന്ന അവസ്ഥ യിൽ ഞങ്ങൾ ഒരു ശത്രുവിനും ഒന്നും വിട്ടുകൊടുത്തി ട്ടില്ല എന്നിരിക്കെ ഇപ്പോൾ മുസ്‌ലിം ആയിരിക്കുന്ന അവ സ്ഥയിൽ എന്തിനു നൽകണം. നിശ്ചയമായും ഞങ്ങൾ അവർക്ക് വാളുകൊണ്ടുള്ള പ്രഹരമല്ലാതെ മറ്റൊന്നും നൽകുന്നതല്ല. നബി(സ) തിരുമേനിക്ക് മദീനയിലെ യഥാ ർഥ നിവാസികളായ അൻസ്വാറുകളെക്കുറിച്ചായിരുന്നു ആശങ്കയുണ്ടായിരുന്നത്. ഒരു പക്ഷെ ഈ അഭിപ്രായം ചോദിക്കുന്നതുകൊണ്ടുള്ള നബി(സ) തിരുമേനിയുടെ ഉദ്ദേശ്യം അൻസാറുകളുടെ മാനസ്സികാവസ്ഥകളെക്കുറി ച്ച് അറിയുക എന്നതായിരുന്നു. അതായത് അവർ ഈ ബുദ്ധിമുട്ടുകൾ കാരണം വിഷമത്തിലാണോ. ആണെ ങ്കിൽ അവരെ സന്തോഷിപ്പിക്കുക. അതിനാൽ അവിടന്ന് അവരുടെ ഈ അഭിപ്രായത്തെ അംഗീകരിക്കുകയും യുദ്ധം തുടരുകയും ചെയ്തു.

ഖന്ദഖ് യുദ്ധാവസരത്തിൽ അബൂസുഫിയാൻ തന്ത്ര പരമായ ഒരു നീക്കം നടത്തി. ബനൂ നദീർ ഗോത്രത്തിലെ യഹൂദി നേതാവായിരുന്ന ഹുയ്യി ബിൻ അഖ്ത്വബിന് നിർദേശം നൽകി; രാത്രിയുടെ ഇരുളിൽ ബനൂഖുറൈസ യുടെ കോട്ടയുടെ സമീപത്തു പോകുകയും അവരുടെ നേതാവായ കഅബ് ബിൻ അസദിനെ കൂട്ടു പിടിച്ചു കൊണ്ട് ബനൂ ഖുറൈസയെ തങ്ങളുടെ കൂടെ കൂട്ടാൻ ശ്ര മിക്കുക. അങ്ങനെ ഹുയ്യി ബിൻ അഖ്തബ് തക്കം നോക്കി കഅബ് താമസിക്കുന്നിടത്തെത്തി. ആദ്യമൊക്കെ കഅബ് അയാളുടെ വാക്ക് കേൾക്കാൻ കൂട്ടാക്കിയില്ല. എന്നിട്ടു പറഞ്ഞു: മുഹമ്മദുമായി(സ) ഞങ്ങൾ പരസ്പര കരാറി ലേർപ്പെട്ടിരിക്കുകയാണ്. മുഹമ്മദ്(സ) എല്ലായിപ്പോഴും ആ കരാറിനോട് കൂറു പുലർത്തി അത് പൂർത്തിയാക്കിയിട്ടു ണ്ട്. അതിനാൽ എനിക്കവരോടു വിശ്വാസവഞ്ചന കാണി ക്കാൻ സാധിക്കില്ല. എന്നാൽ, ഇസ്‌ലാമിന്റെ നാശം ഉട നെതന്നെ ഉണ്ടാകുന്നതാണെന്ന് വിശ്വസിപ്പിച്ചുകൊണ്ട് ഹുയ്യി അയാളെ കബളിപ്പിക്കുകയുണ്ടായി. ഒടുവിൽ അയാൾ സമ്മതിച്ചു. ബനൂ ഖുറൈസയുടെ ഈ ഭയാന കമായ വിശ്വാസ വഞ്ചനയെക്കുറിച്ച് നബി(സ) തിരുമേനി അറിഞ്ഞപ്പോൾ ആദ്യം രണ്ടുമൂന്നു തവണ സുബൈറു ബിൻ അൽ അവാമിനെ രഹസ്യമായി അവരുടെ അവ സ്ഥകൾ അറിഞ്ഞു വരുന്നതിനായി അയച്ചു. പിന്നീട് നിയ മപരമായി തന്നെ ഔസിലെയും ഖദ്‌രജിലെയും നേതാ ക്കളായ സഅദുബിന് മആദും സഅദുബ്നു ഉബാദയും സ്വാധീനമുള്ള ചില സ്വഹാബാക്കളും ഉൾപ്പെട്ട ഒരു സംഘത്തെ ബനൂഖുറൈസയുടെ അടുത്തേക്ക് അയച്ചു. ഈ സംഘം ബനൂഖുറൈസയുടെ വാസസ്ഥലത്തെത്തി. അവരുടെ നാതാവായ കഅബ് ബിൻ അസദിനെ സമീ പിച്ചപ്പോൾ ആ ഹതഭാഗ്യൻ അവരോട് അങ്ങേയറ്റം അ ഹങ്കാരത്തോടെയാണ് പെരുമാറിയത്. മാത്രമല്ല ഗോത്ര ത്തിലെ ആളുകൾ വളരെ പരുഷമായിക്കൊണ്ടു പറഞ്ഞു: പോകൂ, മുഹമ്മദിനും(സ) ഞങ്ങൾക്കുമിടയിൽ യാതൊരു കരാറുമില്ല. ഇതു കേട്ട സ്വാഹാബികൾ അവിടെ നിന്നും എഴുന്നേറ്റു വന്നു. സഅദുബിനു മആദും സഅദുബ്നു ഉബാദയും നബി(സ) തിരുമേനിയുടെ സവിധത്തിൽ അ വിടത്തെ അവസ്ഥകളെക്കുറിച്ചു വിവരം നൽകി.

ബനൂഖുറൈസാ യുദ്ധാവസരത്തിൽ ഹദ്റത്ത് സഅ ദുബിനു ഉബാദ എത്രയോ ഒട്ടകങ്ങളുടെ പുറത്ത് ഈന്ത പ്പഴവുമായി നബി(സ) തിരുമേിക്കും മുസ്‌ലിംകൾക്കുമായി എത്തിക്കുകയുണ്ടായി. അത് അവർക്കെല്ലാവർക്കുമുള്ള ഭക്ഷണമായിരുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഈന്ത പ്പഴം എത്ര നല്ല ആഹാരമാണ്.

മക്കാവിജയ സമയത്ത് സൈന്യം മക്കയിലേക്കു നീങ്ങി ക്കൊണ്ടിരിക്കുമ്പോൾ നബി(സ) ഹദ്റത്ത് അബ്ബാസിനോട് അബൂസുഫിയാനെയും കൂട്ടാളികളെയും കൂട്ടി ഏതെ ങ്കിലും വഴിയരികിൽ നിൽക്കുവാൻ കല്പിച്ചു. ഇസ്‌ലാമി ക സൈന്യത്തെയും സൈന്യത്തിന്റെ അർപ്പണബോധ ത്തെയും നേരിൽ കാണുന്നതിനുവേണ്ടിയായിരുന്നു അത്. സൈന്യം ഓരോ സംഘങ്ങളായി നീങ്ങിക്കൊണ്ടിരുന്നു. ആ സന്ദർഭത്തിൽ അശ്ജഅഃ ഗോത്രത്തിന്റെ സൈന്യവും കടന്നുപോയി. ഇസ്‌ലാമിനോടുള്ള സ്നേഹവും അതി നായി ബലിയാകുവാനുള്ള ആവേശവും അവരുടെ മുഖ ങ്ങളിൽനിന്നും അവരുടെ മുദ്രാവാക്യങ്ങളിൽനിന്നും പ്രക ടമായിരുന്നു. അബൂസുഫിയാൻ ചോദിച്ചു: ആരാണിവർ? അബ്ബാസ് പറഞ്ഞു: ഇത് അശ്ജഅഃ ഗോത്രമാണ്. അബൂ സുഫിയാൻ അതിശയത്തോടെ അബ്ബാസിന്റെ മുഖത്തേക്കു

നോക്കിക്കൊണ്ടു പറഞ്ഞു: അറേബ്യയിൽ മുഹമ്മദ് നബി(സ)യോട് ഇവരേക്കാളും കൂടുതൽ ശത്രുതയുണ്ടായിരുന്ന മറ്റാരും ഉണ്ടായിരുന്നില്ല. അബ്ബാസ് പറഞ്ഞു: അത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അല്ലാഹു ആഗ്രഹിച്ചപ്പോൾ ഇസ്‌ലാമിനോടുള്ള സ്നേഹം അവരുടെ ഹൃദയത്തിൽ പ്രവേശിച്ചു. ഒടുവിൽ നബി(സ) തിരുമേനി രണ്ടായിരം പേരടങ്ങുന്ന മുഹാജിറുകളുടെയും അൻസ്വാറുകളുടെയും സൈന്യവുമായി കടന്നുപോയി. ശരീരമാസകലം പടച്ചട്ടയണിഞ്ഞിരുന്നു. ഹദ്റത്ത് ഉമർ(റ) അവരുടെ അണികൾ നേരെയാക്കിക്കൊണ്ടിരുന്നു. വരികൾക്കിടയിൽ വിടവ് തുല്യമായിരിക്കാനായി കാലുകൾ ശ്രദ്ധിച്ചു മുന്നോട്ടു വയ്ക്കുക എന്നു പറയുന്നുണ്ടായിരുന്നു. ആ ആദ്യകാല ഇസ്‌ലാമിന്റെ ത്യാഗികളുടെ ഇസ്‌ലാമിനോടുള്ള വികാരാവേശങ്ങളും നിശ്ചയ ദാർഢ്യവും അവരുടെ മുഖങ്ങളിൽ പ്രതിഫലിക്കുന്നുണ്ടായിരുന്നു. അവരെ കണ്ടപ്പോൾ അബൂസുഫിയാന്റെ ഹൃദയം വിറകൊണ്ടു. അബ്ബാസ് ഇവരാരാണ്? അബൂസുഫിയാൻ ചോദിച്ചു. അബ്ബാസ് പറഞ്ഞു: നബി(സ) തിരുമേനി അൻസ്വാറുകളുടെയും മുഹാജിറുകളുടെയും സൈന്യത്തോടൊപ്പം പോയിക്കൊണ്ടിരിക്കുന്നു. അബൂസുഫിയാൻ പറഞ്ഞു: ഈ സൈന്യത്തെ നേരിടാൻമാത്രം ശക്തി ലോകത്താർക്കാണുള്ളത്. അതിനുശേഷം അബ്ബാസിനോടു പറഞ്ഞു: നിങ്ങളുടെ സഹോദര പുത്രൻ ഇന്ന് ലോകത്തേറ്റവും വലിയ രാജാവായിരിക്കുന്നു. അബ്ബാസ് പറഞ്ഞു: ഇനിയും നിന്റെ അകക്കണ്ണ് തുറന്നിട്ടില്ല. ഇത് രാജപദവിയല്ല നുബുവ്വത്താണ്. അബൂസുഫിയാൻ പറഞ്ഞു: ശരി, ശരി അങ്ങനെയെങ്കിൽ നുബുവ്വത്തു തന്നെ. സൈന്യം അബൂസുഫിയാന്റെ മുൻപിലൂടെ കടന്നുപോകുമ്പോൾ അൻസ്വാറുകളുടെ കമാൻഡർ ആയിരുന്ന സഅദുബ്നു ഉബാദ അബൂസുഫിയാനെ നോക്കിക്കൊണ്ടു പറഞ്ഞു: ഇന്ന് മക്കയിൽ വാളിന്റെ ബലത്തിൽ പ്രവേശിക്കുന്നത് അല്ലാഹു ഞങ്ങൾക്കനുവദനീയമാക്കിയിരിക്കുന്നു. ഇന്ന് ഖുറൈശി സമൂഹം നിന്ദ്യരാക്കപ്പെടും. നബി(സ) തിരുമേനി അബൂസുഫിയാന്റെ മുമ്പിലൂടെ കടന്നു പോകുമ്പോൾ അബൂസുഫിയാൻ ഉയർന്ന സ്വരത്തിൽ ചോദിച്ചു: യാ റസൂലല്ലാഹ് താങ്കളിന്ന് സ്വന്തം സമുദായത്തെ വധിക്കാൻ അനുമതി നൽകിയിരിക്കുകയാണോ. അൻസ്വാറുകളുടെ നേതാവ് സഅദും കൂട്ടാളികളും ഇപ്പോൾ അങ്ങനെ പറയുന്നുണ്ടായിരുന്നു. ഇന്ന് യുദ്ധം നടക്കുമെന്നും മക്കയുടെ പവിത്രതയ്ക്ക് ഇന്ന് ഞങ്ങളെ യുദ്ധം ചെയ്യുന്നതിൽനിന്നും പിന്തിരിപ്പിക്കാൻ സാധിക്കുകയില്ല. ഖുറൈശികളെ ഇന്ന് നിന്ദിതരാക്കുന്നതാണ് എന്നദ്ദേഹം ഉയർന്ന സ്വരത്തിൽ പറയുന്നുണ്ടായിരുന്നു. യാ റസൂലല്ലാഹ് അങ്ങ് ലോകത്തേറ്റവമധികം നന്മ ചെയ്യുന്നയാളും കരുണ ചെയ്യുന്നയാളും എറ്റവുമധികം ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്ന മനുഷ്യനുമാകുന്നു. സ്വന്തം സമൂഹം ചെയ്ത അക്രമങ്ങൾ ഇന്ന് താങ്കൾക്ക് വിസ്മരിക്കാനാകില്ലേ. അബൂസുഫിയാന്റെ ഈ ആവലാതിയും അപേക്ഷയും കേട്ടപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അബൂസുഫിയാൻ! സഅദ് പറഞ്ഞത് ശരിയല്ല. ഇന്ന് കരുണ കാണിക്കുന്ന ദിനമാണ്. ഇന്ന് അല്ലാഹു ഖുറൈശികൾക്കും കഅ്ബാ മന്ദിരത്തിനും അന്തസ്സ് നൽകുന്നതാണ്. ശേഷം അവിടന്ന് ഒരാളെ സഅദിന്റെയടുത്തേക്കയച്ചിട്ടു പറഞ്ഞു: താങ്കളുടെ പതാക സ്വന്തം മകനായ ഖൈസിനു നൽകുക. അദ്ദേഹം താങ്കളുടെ സ്ഥാനത്ത് അൻസ്വാറുകളുടെ കമാൻഡർ ആയിരിക്കും. ഇത്തരത്തിൽ അവിടന്ന് മക്കക്കാരുടെ മനസ്സിനും ആശ്വാസം നൽകി അൻസ്വാറുകളുടെ ഹൃദയത്തിന് ക്ഷതമേൽക്കാതെ സംരക്ഷിക്കുകയും ചെയ്തു. നബി(സ) തിരുമേനിക്ക് ഖൈസിൽ പരിപൂർണ വിശ്വാസമായിരുന്നു. എന്തെന്നാൽ ഖൈസ് വളരെ മാന്യനായ ഒരു യുവാവായിരുന്നു.

ഹുനൈൻ യുദ്ധം നടന്നത് ശവ്വാൽ മാസം ഹിജ്‌രി 8 ന് മക്കാ വിജയത്തിനുശേഷമാണ്. ഈ യുദ്ധത്തിൽനിന്നും ലഭിച്ച യുദ്ധമുതലുകൾ നബി(സ) മുഹാജിറുകൾക്കിടയിൽ വിതരണം ചെയ്യുകയായിരുന്നു. അൻസ്വാറുകൾക്ക് ഇക്കാര്യം മനസ്സിൽകൊണ്ടു. ഹദ്റത്ത് സഅദുബിൻ ഉബാദ നബി(സ) തിരുമേനിയുടെ സവിധത്തിൽ ഹാജരായിക്കൊണ്ട് പറഞ്ഞു: യാ റസൂലല്ലാഹ് അൻസ്വാറുകളുടെ ഈ ഗോത്രത്തിലെ ആളുകളുടെ മനസ്സിൽ താങ്കളെ സംബന്ധിച്ച് എന്തോ പരിഭവമുണ്ട്. നബി(സ) തിരുമേനി പറഞ്ഞു: താങ്കളുടെ സമുദായത്തിലെ ആളുകളെ ഈ ഒഴിഞ്ഞ സ്ഥലത്ത് ഒരുമിച്ചു കൂട്ടുക. അങ്ങനെ അവരെല്ലാം ഒരുമിച്ചു കൂടിയപ്പോൾ നബി(സ) തിരുമേനി അവരുടെയടുത്തെത്തി അല്ലാഹുവിനെ സ്തുതിച്ചതിനുശേഷം പറഞ്ഞു: അൻസ്വാർ സമൂഹമേ! നിങ്ങളെക്കുറിച്ച് ഞാനെന്താണ് കേൾക്കുന്നത് അതായത് നിങ്ങൾക്ക് ഗനീമത്തു മുതൽ ലഭിച്ചില്ല എന്ന കാര്യത്തിൽ നിങ്ങൾ പരിഭവത്തിലാണോ. അൻസ്വാർ സമൂഹമേ! ദുനിയാവിലെ നിസ്സാരമായ ഒരു വസ്തുവായ ധനത്തെക്കുറിച്ച് നിങ്ങളുടെ മനസ്സ് സങ്കടപ്പെടുകയോ. അൻസ്വാർ സമൂഹമേ! ജനങ്ങൾ ആടുകളും ഒട്ടകങ്ങളും കൊണ്ടുപോകുകയും നിങ്ങൾ നിങ്ങളുടെ വീടുകളിലേക്ക് അല്ലാഹുവിന്റെ റസൂലിനെകൊണ്ടുപോകുകയും ചെയ്യുക എന്ന കാര്യത്തിൽ നിങ്ങൾ സന്തുഷ്ടരല്ലേ. തുടർന്ന് അവിടന്ന് പറഞ്ഞു: ആരുടെ കയ്യിലാണോ മുഹമ്മദിന്റെ ജീവനിരിക്കുന്നത് അവനെക്കൊണ്ട് സത്യം, ഹിജ്റത്ത് ഉണ്ടായിരുന്നില്ലെങ്കിൽ ഞാൻ അൻസ്വാറുകളിൽ ഒരാൾ ആകുമായിരുന്നു. അല്ലാഹുവേ നീ അൻസ്വാറുകളിൽ കരുണ ചൊരിയേണമേ, അൻസ്വാറുകളുടെ സന്താനങ്ങളിലും അവരുടെ സന്താനങ്ങളുടെ സന്താനങ്ങളിലും കരുണ ചൊരിയേണമേ. നിവേദകൻ പറയുന്നു: ഇതു കേട്ടപ്പോൾ അൻസ്വാറുകൾ കരയാൻ തുടങ്ങി. ഏതുവരെയെന്നാൽ കണ്ണുനീർകൊണ്ട് അവരുടെ താടികൾ നനഞ്ഞു കുതിർന്നു. അവർ പറഞ്ഞു: താങ്കൾ എന്തുതന്നെ വിതരണം ചെയ്താലും ഞങ്ങളതിൽ തൃപ്തരാണ് ഞങ്ങൾക്ക് താങ്കൾ മതി.

ഹജ്ജത്തുൽ വദാഇനു വേണ്ടി മദീനയിൽനിന്നും യാത്ര ചെയ്ത് നബി(സ) ഹജ്ജ് ചെയ്യുന്നിടത്തെത്തിയപ്പോൾ തിരുമേനിയുടെ യാത്രാമൃഗം കാണാതായി. ഹദ്റത്ത് സഅദുബ്നു ഉബാദ ഇതറിഞ്ഞപ്പോൾ തന്റെ മകൻ ഖൈസിന്റെ കൂടെ യാത്രയ്ക്കുള്ള പാഥേയം നിറച്ച ഒരു

ഒട്ടകവുമായി അവിടെ എത്തിച്ചേർന്നു. നബി[സ] തിരുമേനിയുടെ സവിധത്തിൽ ഹാജരായിക്കൊണ്ട് പറഞ്ഞു: യാറസൂലല്ലാഹ് താങ്കളുടെ യാത്രാ വാഹനം സാധങ്ങളുമായി കാണാതെ പോയി എന്നറിയാൻ സാധിച്ചു. അതിനു പകരമായി ഇതാ ഞങ്ങളുടെ യാത്രാമൃഗത്തെ എടുത്താലും. നബി[സ] പറഞ്ഞു: അല്ലാഹു എന്റെ യാത്രാമൃഗത്തെ തിരിച്ചുകൊണ്ടു വന്നിരിക്കുന്നു. അതായത് കാണാതെ പോയതിനെ കണ്ടെത്തിയിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ യാത്രാമൃഗത്തെ തിരികെ കൊണ്ടുപോകുക അല്ലാഹു നിങ്ങൾ രണ്ടുപേരിലും അനുഗ്രഹം ചൊരിയുമാറാകട്ടെ.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ[റ] വിവരിക്കുന്നു: ഹദ്റത്ത് സഅദുബിൻ ഉബാദ രോഗബാധിതനായി. നബി[സ] തിരുമേനി ഹദ്റത്ത് അബ്ദുറഹ്മാനു ബ്നു ഔഫ്, സഅദുബ്നു അബീവഖാസ്, ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് എന്നിവരെയും കൂട്ടി അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്കായി പോയി. അദ്ദേഹത്തിന്റെ അടുത്തെത്തുമ്പോൾ വീട്ടുകാർ ചുറ്റുംകൂടിയിരിക്കുന്ന അവസ്ഥയിലണ് കണ്ടത്. അവിടന്ന് ചോദിച്ചു: അദ്ദേഹം മരിച്ചുപോയോ? ഇല്ല മരിച്ചിട്ടില്ല എന്നവർ പറഞ്ഞു. നബി[സ] തിരുമേനി അദ്ദേഹത്തിന്റെ അവസ്ഥ കണ്ട് കരഞ്ഞുപോയി. നബി[സ] തിരുമേനി കരയുന്നതു കണ്ടപ്പോൾ ബാക്കിയുള്ളവരും കരഞ്ഞു. പിന്നീട് അവിടന്ന് പറഞ്ഞു: നോക്കുക കണ്ണുനീർ വാർക്കുന്നതുകൊണ്ടോ സങ്കടപ്പെടുന്നതുകൊണ്ടോ ആരെയെങ്കിലും അല്ലാഹു ശിക്ഷിക്കുകയോ രക്ഷിക്കുകയോ ചെയ്യുകയില്ല. എന്നാൽ അല്ലാഹു ശിക്ഷിക്കുകയും പൊറുത്തു കൊടുക്കുകയും ചെയ്യുക  ഇതു കാരണമായിട്ടായിരിക്കും എന്നു പറഞ്ഞുകൊണ്ട് അവിടന്ന് തിരുനാവിലേക്ക് വിരൽ ചൂണ്ടി. മരിച്ച വീട്ടിലെ മുറവിളികൂട്ടൽ കാരണമായി മരിച്ച ആൾക്കും ശിക്ഷയുണ്ടാകുന്നു. മരിച്ചതിന്റെ പേരിൽ കരഞ്ഞു വിലപിക്കുന്നത് തെറ്റാണ്.

ഹദ്റത്ത് അബൂ ഉസൈദിൽ നിന്ന് നിവേനം: നബി[സ] തിരുമേനി പറഞ്ഞു: അൻസ്വാറുകളുടെ കുടുംബങ്ങളിൽ ഉത്തമമായ കുടുംബം ബനൂ നജ്ജാറിന്റെതാണ്. പിന്നെ ബനൂ അബ്ദെ അശ്ഹൽ പിന്നെ ബനൂ ഹാരിസ് ബിൻ ഖദ്റജ്, ബനൂ സാഇദ എന്നിങ്ങനെ. അൻസ്വാറുകളുടെ എല്ലാ കുടുംബങ്ങളിലും നന്മയുണ്ട്. ഇതു കേട്ടപ്പോൾ ഹദ്റത്ത് സഅദുബ്നു ഉബാദ പറഞ്ഞു; ഞാൻ മനസ്സിലാക്കുന്നത് നബി[സ] തിരുമേനി ഞങ്ങളേക്കാളും ശ്രേഷ്ഠത അവർക്കു നൽകിയിരിക്കുന്നുവെന്നാണ്. അപ്പോൾ അദ്ദേഹത്തോട് പറയപ്പെട്ടു നബി[സ] താങ്കൾക്കും നിരവധി ആളുകളുടെ മേൽ ശ്രേഷ്ഠത നൽകിയിട്ടുണ്ടല്ലോ.

ഹശാം ബിൻ ഉർവ തന്റെ പിതാവിൽനിന്നും നിവേദനം ചെയ്യുന്നു: ഹദ്റത്ത് സഅദുബിൻ ഉബാദ ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു, അല്ലാഹുവേ നീയെന്നെ സ്തുത്യർഹനാക്കേണമേ. എന്നെ അന്തസ്സും മാന്യതയുമുള്ളവനുമാക്കേണമേ.

ഹദീസിൽ മസ്നദുബ്നു ഹംബലിന്റെ ഒരു നിവേദനം ഇപ്രകാരമാണ്, ഹദ്റത്ത് സഅദുബ്നു ഉബാദ വിവരിക്കുന്നു: നബി[സ] തിരുമേനി അദ്ദേഹത്തോടു പറഞ്ഞു: താങ്കൾ ഇന്ന ഗോത്രത്തിന്റെ സ്വദഖകളുടെ മേൽനോട്ടം വഹിക്കുക. എന്നാൽ ഖിയാമത്തു നാളിൽ നിലവിളിക്കുന്ന ഒട്ടകത്തെയും ചുമലിലേറ്റി വരുന്ന അവസ്ഥയുണ്ടാകരുത്. അതായത് ആ ചുമതലയോടുള്ള കടമ നിറവേറ്റുക. നീതി പുലർത്തുക ഒരു തരത്തലുള്ള വിശ്വാസ വഞ്ചനയും പാടില്ല. അപ്പോൾ അദ്ദേഹം പറഞ്ഞു: യാറസൂലല്ലാഹ് എന്നാൽ ഈ ചുമതല മറ്റാർക്കെങ്കിലും നൽകിയാലും. നബി[സ] തിരുമേനിയുടെ ജീവതകാലത്ത് ആറ് അൻസ്വാറുകൾ വിശുദ്ധ ഖുർആൻ ക്രോഡീകരിച്ചിരുന്നു. അതിൽ ഹദ്റത്ത് സഅദുബ്നു ഉബാദയും ഉൾപ്പെടുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്[റ] പറയുന്നു: അൻസ്വാറുകളിൽനിന്നുള്ള പ്രസിദ്ധരായ ഹാഫിസുമാരുടെ കൂട്ടത്തിൽ ഹദ്റത്ത് സഅദുബ്നു ഉബാദയുടെ പേരും ഉണ്ട്.

ഹുസൂർ പറഞ്ഞു: സഅദുബ്നു ഉബാദയെ സംബന്ധിച്ച് അല്പം കൂടി ബാക്കിയുണ്ട് അത് പിന്നീട് പറയുന്നതാണ്. ഇൻശാ അല്ലാഹ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 10.01.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516